മാനേജ്മെന്റിന് കിട്ടുന്ന തുകയെ സംബന്ധിച്ചിടത്തോളം പ്രധാനമായും നദീതീര സംരക്ഷണത്തിനുവേണ്ടിയാണ് ചെലവഴിക്കുന്നത്. റൂൾ 18 അനുസരിച്ച്, ഇതാണ് ബഹുമാനപ്പെട്ട രാധാകൃഷ്ണനോട് നോക്കണമെന്നു പറഞ്ഞത്. ജില്ലാ വിദഗ്ദ്ധ സമിതികളും പഞ്ചായത്തുകളുമായിട്ട് ആലോചിച്ച്, കടവു കമ്മിറ്റികളുമായിട്ട് ആലോചിച്ച് പദ്ധതിയുണ്ടാക്കണം. ഇപ്രകാരമുള്ള പദ്ധതികൾ പിന്നെ ഗവൺമെന്റിലേക്ക് വരും. ഗവൺമെന്റ് എ. എസ്. കൊടുക്കുകയാണ്. ഇതാണ് അതിന്റെ നടപടിക്രമങ്ങൾ. എല്ലാ ജില്ലകളിലും ജില്ലാ വിദഗ്ദ്ധസമിതി പരിശോധിച്ച് റെക്കമെന്റ് ചെയ്തിട്ടുള്ള പദ്ധതികൾ ഇപ്പോൾ ഗവൺമെന്റിലേക്ക് അയച്ചു തന്നുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് ഇപ്പോൾ എ. എസ്. കൊടുക്കും. ഒരു ആശങ്കയും വേണ്ട. ഈ വരുന്ന പദ്ധതികൾ മുഴുവൻ ഗവൺമെന്റ് നടപ്പിലാക്കും. അല്ലാതെ രൂപ വെറുതെ കെട്ടിക്കിടക്കുന്നു എന്നുള്ള ആശങ്ക തെറ്റാണ്. ഈ വർഷത്തിൽ മുഴുവനും നദീ സംരക്ഷണത്തിന് വേണ്ടി ചെലവഴിക്കാൻ കഴിയും. ഇതിനെപ്പറ്റി ഒരു ആശങ്കയും വേണ്ട. ഗവൺമെന്റ് ഇത് വളരെ വേഗതയിൽ ശ്രദ്ധ പതിപ്പിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടുകൂടി പദ്ധതികൾ തയ്യാറാക്കി വരികയാണെന്ന്. ത്രിതല പഞ്ചായത്തുമായി സഹകരിച്ച് ഏതെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ?

<u>ശ്രീ. കെ. എം. മാണി:</u> പല വിദഗ്ദ്ധ സമിതികളും പല ജില്ലകളിൽ നിന്നും പദ്ധതികൾ അയച്ചു തന്നിട്ടുണ്ട്. മലപ്പുറം ജില്ലയിൽ നിന്ന് വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് വന്നിട്ടുണ്ട്. പല ജില്ലകളിൽ നിന്നും വന്നു കൊണ്ടിരിക്കുകയാണ്. എ. എസ്. നൽകി പിന്നെ ടെന്റർ കൊടുക്കും.

(2) <u>കോഴിക്കോട് നഗരത്തിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കണ്ടെത്താനുള്ള നടപടികൾ</u>

<u>ശ്രീ. എ. സുജനപാൽ:</u> കോഴിക്കോട് നഗരത്തിലെ ശുദ്ധജല പ്രശ്നത്തെ സംബന്ധിച്ചാണ് ഞാൻ ഇവിടെ ശ്രദ്ധ ക്ഷണിക്കാൻ ഉദ്ദേശിക്കുന്നത്. കേരളത്തിലെ മറ്റ് പ്രധാനപ്പെട്ട നഗരങ്ങളുമായി താരതമ്യപ്പെടുത്തി നോക്കിയാൽ കോഴിക്കോട് നഗരത്തിലെ കുടിവെള്ള പദ്ധതിയെ സംബന്ധിച്ചിടത്തോളം ഒരു അവഗണനയുണ്ടായിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഏതാണ്ട് മുനിസിപ്പാലിറ്റിയായിരുന്ന കാലത്ത് പൂളക്കടവിൽ നിന്നു മാത്രമായിരുന്നു പമ്പിംഗ്. 1970-ലാണ് കൂളിമാട് നിന്നുള്ള പമ്പിംഗ് സ്റ്റേഷൻ ആരംഭിച്ചത്. അതിനുശേഷം ഏതാണ്ട് പത്തിരുപത് വർഷക്കാലമായിയാതൊരു മാറ്റവുമില്ലാതെ പമ്പിംഗ് തുടർന്നു. 1992-93 കാലത്ത് ശ്രീ. ടി. എം. ജേക്കബ് ജലസേചനവകുപ്പ് മന്ത്രിയായിരുന്ന കാലത്താണ് 2-ാം ഘട്ടം പൂർത്തീകരിച്ചത്. അതിന്റെ ഫലമായി ഏതാണ്ട് 18 ദശലക്ഷം ലിറ്റർ വെള്ളം കൂടി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. നേരത്തെ 1970-ൽ ആരംഭിച്ച പദ്ധതിയനുസരിച്ച് 34 ദശലക്ഷം ലിറ്റർ കുടിവെള്ളമായിരുന്നു വിതരണം ചെയ്യാൻ ഉദ്ദേശിച്ചിരുന്നത്. അതു കഴിഞ്ഞ് 10 വർഷമായി യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

മാറ്റവുമുണ്ടായിട്ടില്ല. 2001-ലെ കണക്കനുസരിച്ച് 114 ദശലക്ഷം ലിറ്റർ വെള്ളം ഉൽപ്പാദിപ്പിക്കാൻ കഴിയണം. 2-ാം ഘട്ടത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞാൽ 18 ദശലക്ഷം ലിറ്റർ കൂടി ഉൽപ്പാദിപ്പിക്കാൻ കഴിയും. 2004-ൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിക്ക് 400 ലക്ഷം രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. വർഷങ്ങളായി സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ ദ്രവിച്ചതുമൂലം ജലനഷ്ടം ധാരാളം ഉണ്ടാകുന്നു. പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. പൂളക്കടവിൽ നിന്നുള്ള പമ്പിംഗ് സ്റ്റേഷന്റെ സംവിധാനം മോശമാണ്. അതിനുള്ള പദ്ധതി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതിന് പുതിയ പമ്പ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം. കൂളിമാട് നിന്നുള്ള പമ്പിംഗ് മെച്ചപ്പെടുത്താനുള്ള പദ്ധതിയും ഗവൺമെന്റിന്റെ പരിഗണനയിലാണ്. അതിന് ഗവൺമെന്റ് അംഗീകാരം നൽകണം. നിലവിലുള്ള പ്രിമോ പൈപ്പ് പൊട്ടുന്നതുമൂലമാണ് പ്രധാന പ്രശ്നമുണ്ടാകുന്നത്. മലാപ്പറമ്പ്, പൊറ്റമ്മൽ, കോവൂർ, ബാലമന്ദിരം എന്നീ സംഭരണികളിലേക്കുള്ള പൈപ്പ്ലൈൻ കാസ്റ്റ് അയണാക്കി മാറ്റാനുള്ള പദ്ധതിയും വർഷങ്ങളായി ഗവൺമെന്റിന്റെ പരിഗണനയിലാണ്. അതിന് അംഗീകാരം കൊടുക്കണം. കോഴിക്കോട് നഗരത്തിലെ ഉയർന്ന പ്രദേശങ്ങളായ പൊറ്റമ്മൽ, മാങ്കാവ്, വേങ്ങേരിക്കാട് തുടങ്ങിയ സ്ഥലങ്ങളിലെ ജലവിതരണം മെച്ചപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം. തീരപ്രദേശങ്ങളിൽ റ്റെയിൽ എന്റായതുകൊണ്ട് ഒട്ടും വെള്ളം കിട്ടുന്നില്ല. കാറ്റാണ് വരുന്നത്. വിപുലീകരണത്തിന്റെ 2-ാം ഘട്ടം പൂർത്തീകരിക്കാനാവശ്യമായ ഫണ്ട് അടിയന്തിരമായി കൊടുക്കണം. കോഴിക്കോട് നഗരത്തിലെ വിപുലമായ ജലസംവിധാനം മെച്ചപ്പെടുത്തുന്നതിന് അറ്റകുറ്റപ്പണികൾക്ക് വേണ്ടി കേവലം 25 ലക്ഷം രൂപ മാത്രമേ ഗവൺമെന്റ് ഈ കഴിഞ്ഞ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. വാട്ടർ അതോറിറ്റി കോഴിക്കോട് ഡിവിഷൻ സമർപ്പിച്ച കോഴിക്കോട് നഗരത്തിലെ ജലവിതരണം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള വിവിധ പ്രൊപ്പോസലുകളിലായി 63.79 ലക്ഷം രൂപയുടെ പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലാണ്. ആ പദ്ധതികൾക്കും അംഗീകാരം കൊടുക്കണം. കോഴിക്കോട് നഗരത്തിലെ അതിർത്തിയിലുള്ള പൂനൂർ പുഴയിൽ നിന്ന് കുടിവെള്ളമെത്തിക്കാൻ വേണ്ടിയുള്ള ഒരു പദ്ധതിക്ക് ശ്രീ. ടി. എം. ജേക്കബ് നേരത്തെ ജലവിഭവവകുപ്പുമന്ത്രിയായിരുന്നപ്പോൾ പ്രൊപ്പോസലുണ്ടായിരുന്നു. അന്ന് ഉപ്പുവെള്ളം വരുന്നുവെന്നതിന്റെ പേരിൽ നടക്കാതെ പോയതാണ്. ഇന്ന് അവിടെ ബണ്ട് കെട്ടി. അപ്പോൾ ഉപ്പുവെള്ളം വരുന്ന പ്രശ്നം ഇല്ലാതായിരിക്കുന്നു. ആ പദ്ധതി കൂടി അനുഭാവപൂർവ്വം പരിഗണിക്കണം. കോഴിക്കോട് നഗരത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള ജപ്പാൻ കുടിവെള്ള പദ്ധതി കഴിയുന്നതും വേഗം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. അങ്ങ് കഴിഞ്ഞ തവണ മന്ത്രിയായിരുന്നപ്പോൾ ആദ്യം തന്നെ ഒരു കോൺഫറൻസ് വിളിച്ചു കൂട്ടി, ഇതു സംബന്ധിച്ച് വിപുലമായ ചർച്ചകൾ നടത്തുകയും ചെയ്തു. ആ പദ്ധതിയല്ലാതെ പിന്നീട് ഒരു പദ്ധതിയും ഉണ്ടായിട്ടില്ല. അതുകൊണ്ട് പുതിയ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ഈ പദ്ധതികളെ സംബന്ധിച്ച് ചർച്ച ചെയ്ത് വേണ്ട നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: മെമ്പർമാരുടെ അടുത്ത് ഞാൻ പല പ്രാവശ്യം പറഞ്ഞിട്ടുള്ള താണ്. You must address the Chair.

ജലവിഭവവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ബഹുമാനപ്പെട്ട സുജനപാൽ കോഴിക്കോട് നഗരത്തിൽ അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമത്തെ സംബന്ധിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. അദ്ദേഹം പറഞ്ഞ കാര്യങ്ങളോട് എനിക്ക് വിയോജിപ്പ് ഇല്ല. ജില്ലാ തലത്തിലുള്ള കോൺഫറൻസ് കഴിഞ്ഞ പ്രാവശ്യം ഞാൻ മന്ത്രിയായിരുന്ന പ്പോൾ നടത്തി. അതിൽ ഞാൻ അനുഭവിക്കുകയും ചെയ്തു. അതുകൊണ്ട് ഈ പ്രാവശ്യം അത് വേണ്ട എന്നാണ് വച്ചിരിക്കുന്നത്. എങ്കിലും അത്യാവശ്യമുള്ള കോൺഫ റൻസുകൾ നടത്തുന്നുണ്ട്. കോഴിക്കോട് പദ്ധതി 1970-ൽ ആരംഭിച്ചതാണ്. പിന്നെ അതിന് വിപുലീകരണം നടത്തിയത് 1992-93 കാലഘട്ടത്തിലായിരുന്നു. അന്ന് വിപു ലീകരണം വന്നപ്പോൾ 18 ദശലക്ഷം ലിറ്റർ വെള്ളം കൂടി ശുദ്ധീകരിച്ച് വിതരണം ചെയ്യാൻ സാധിച്ചു. ഇപ്പോൾ അദ്ദേഹം ധാരാളം കാര്യങ്ങൾ പറഞ്ഞു. പൈപ്പിന്റെ കാലപ്പഴക്കം, മറ്റ് പ്രശ്നങ്ങൾ ഇതെല്ലാമുണ്ട്. കോഴിക്കോട് നഗരത്തിൽ ഒന്നിടവിട്ട ദിവസങ്ങളിലാണ് ഇപ്പോൾ വെള്ളം കൊടുക്കുന്നത്. അതിനുള്ള കപ്പാസിറ്റിയേ അവിടെയുള്ളൂ. ഇതിന്റെ ഇടക്കാല വിപുലീകരണത്തിന്റെ 2-ാം ഘട്ടത്തിൽ 18 എം. എൽ. ഡി. കൂടി വിതരണം ചെയ്യാനുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. ഇത് 2004 മാർച്ചിൽ പൂർത്തിയാകും. അതുകൂടി വന്നു കഴിഞ്ഞാലും അവിടത്തെ പ്രശ്ന ത്തിന് പൂർണ്ണമായ പരിഹാരമുണ്ടാകാൻ പോകുന്നില്ല. പിന്നെ അദ്ദേഹം പറഞ്ഞത് പദ്ധതിക്കുള്ള ബഡ്ജറ്റ് അലോക്കേഷന്റെ കുറവു സംബന്ധിച്ചാണ്. ഈ വർഷം ബഡ്ജറ്റിൽ 175 ലക്ഷം രൂപയാണ് വച്ചിരിക്കുന്നത്. പക്ഷെ 475 ലക്ഷം രൂപ ഉണ്ടെ ങ്കിൽ മാത്രമേ പദ്ധതി പൂർത്തിയാകൂ. പണം എങ്ങിനെയെങ്കിലും കണ്ടെത്താനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കാം. കോഴിക്കോട് നഗരത്തിൽ ഇപ്പോൾ വിതരണം ചെയ്യുന്നത് 18 എം. എൽ. ഡി. വെള്ളമാണ്. രണ്ടാംഘട്ടം കൂടെ വന്നാലും, മെഡിക്കൽ കോളേജിലേക്ക് കൊടുക്കുന്ന വെള്ളവും പ്രസരണ നഷ്ടവും എല്ലാം കിഴിച്ചാൽ 55 മുതൽ 60 ദശലക്ഷം ലിറ്റർ വെള്ളം വരെ മാത്രമേ വിതരണത്തിന് കൊടുക്കാൻ സാധിക്കൂ. 2001-ൽ കണക്കാക്കിയിരിക്കുന്നതനുസരിച്ച് 114 ദശലക്ഷം ലിറ്റർ വെള്ളം അവിടെ പ്രതിദിനം ആവശ്യമുണ്ട്. 2001-ലെ കണക്കാണിത്. ഇപ്പോൾ അത് കൂടിയിട്ടുണ്ട്. ഒരു പുതിയ പദ്ധതി, J. B. I. C. പദ്ധതി വന്നാൽ മാത്രമേ ഇതിന് ശാശ്വതമായ പരിഹാരം ഉണ്ടാകൂ. J. B. I. C.-യുടെ പ്രവർത്തനങ്ങൾക്ക് ഏകദേശം ക്ലിയറൻസായി J. B. I. C.-യുടെ അഞ്ചു പ്രോജക്ടുകളിൽ ഒന്നാണ് കോഴിക്കോട്ടുള്ളത്. J. B. I. C.-യുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയനുസ രിച്ച് 144 എം. എൽ. ഡി. ശേഷിയുള്ള ശുദ്ധീകരണശാല 180 കി. മീ. നീളത്തിൽ ട്രാൻസ്മിഷൻ മെയിൻ, 19 ജലസംഭരണികൾ, 485 കി. മീ. വിതരണ ശൃംഖല ഇതെല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആ പ്രോജക്ട് വന്നാൽ മാത്രമേ കോഴിക്കോട് പോലെയുള്ള വൻപട്ടണത്തിന്റെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ സാധിക്കൂ.

അങ്ങയുടെ അനുവാദത്തോടു കൂടി J. B. I. C. Project-മായി ബന്ധപ്പെട്ട ഒരു കാര്യം ഈ സഭയിൽ പറയാൻ രണ്ടു മിനിറ്റുകൂടെ എനിക്കു തരണം.

LIBRARY ARCHIVES Kerala Legislative Assembly

ഹൈക്കോടതിയിലെ J. B. I. C.-യുടെ ഒരു കേസ് സംബന്ധിച്ച് പറഞ്ഞല്ലോ, മറ്റൊരു സന്ദർഭമില്ലാത്തതുകൊണ്ടാണ് ഞാനിത് പറയുന്നത്. ഇതു സംബന്ധിച്ച് ഒരു കേസ് ഹൈക്കോടതിയിൽ വന്നു. ചീഫ് ജസ്റ്റീസിന്റെ ബഞ്ച് പരിശോധിച്ചു. (സഭയിൽ ശ്രീ. ജയരാജൻ ആക്ഷേപമായിട്ടൊക്കെ അതു സംബന്ധിച്ചു പറയുകയും ചെയ്തു.) അതു സംബന്ധിച്ച ജഡ്ജ്മെന്റിലെ രണ്ടുമൂന്നു സെന്റൻസ് മാത്രം ഈ സഭയുടെ അറിവിലേക്ക് ഞാൻ വായിക്കുകയാണ്..... The Final report on evaluation of technical bids is a comprehensive document. On a consideration of the matter, it is apparent that the examination of the data has been objective and thorough. The decision making process does not cast any doubt about its fairness..... The simple question is-Was anyone interested in the 3rd respondent? Who acted malafide? The petition gives no answer. Even at the hearing, nothing specific has been pointed out. Despite this and keeping in view the fact that substantial amount of money is involved, we have examined the matter at considerable length. On a perusal of the pleadings, it is apparent that there is no specific allegation. No concrete or definite allegation has been made against any of the parties. No verifiable fact, which may show any lack of bonafides has been pointed out. Wholly vague averments have been made in the petition. There is no supporting material. It is easy to make such allegations. However, the court needs proof. On the basis of such vague averments the plea of malafides cannot be sustained.

In the present case, there appears to be no reason to even doubt the bonafides of the respondent authorities. If fact, the petitioner's averments do not inspite confidence. We must not place everything under a microscope to find some fault. We must use the critical faculty to correct errors and not to pull down everyone and everything. Finding faults all the time can only be a formula for failure.

The public Interest Litigation was envisaged as a cure for the 'ills'. It is now degenerating into a means of exploitation. It is being abused. The present case is clear instance. The project, which was commenced in 1997 has been delayed. It has not got off the ground in six years. The cost would have obviously escalated. The so-called Public Interest Petitions have only harmed the public interest. ഇതിൽ കൂടുതൽ ഒരു ഹൈക്കോടതി പറയാറില്ല. ഈ പദ്ധതി 1997-ൽ നമുക്ക് ആരംഭിക്കാൻ കഴിഞ്ഞുവെങ്കിൽ ഇപ്പോൾ ശ്രീ. സുജനപാൽ ഈ സബ്മിഷനുമായിട്ട് ഇവിടെ വരുമായിരുന്നില്ല. ഇതുപോലെ 5 പ്രോജക്ടുകളും ക്ലിയർ ചെയ്തിട്ടുണ്ട്. ഞങ്ങൾ മാക്സിമം സ്പീഡായിട്ട് ഈ കാര്യങ്ങൾ ചെയ്യുകയാണ്. പൂന്നൂർ പുഴയുടെ കാര്യം ഉൾപ്പെടെ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സുജനപാൽ: J. B. I. C. പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ടി. എം. ജേക്കബ്: ഞാൻ നേരത്തെ പറഞ്ഞു, അതിന്റെ എല്ലാ ക്ലിയറൻസും ഏകദേശം ആയിക്കഴിഞ്ഞു. ചിങ്ങമാസം 1-ാം തീയതി ചേർത്തലയിൽ അതിന്റെ സംസ്ഥാനതല ഇനാഗുറേഷൻ നടത്തുകയാണ്. Simultaneous ആയിട്ട് മറ്റു സ്ഥലങ്ങളിലും നടക്കും. മൂന്നു നാലു വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ ഒരു fast track arrangement ഉണ്ടാക്കുന്നുണ്ട്. അതിന്റെ ഡിസ്ക്ഷൻ ഇതിനകം തന്നെ ഉദ്യോഗസ്ഥന്മാരുമായി നടത്തിക്കഴിഞ്ഞു. അതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. മാക്സിമം വേഗത്തിൽ ഈ സ്കീം നടപ്പിലാക്കി കേരളത്തിലെ ജനങ്ങൾക്ക് വെള്ളം കൊടുക്കാൻ സാധിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

III. സബ്മിഷൻ

(1) കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ടി. കെ. ദേവകുമാർ: സർ, കൊല്ലം മീറ്റർ കമ്പനിയിലെ പ്രശ്നവുമായി ബന്ധപ്പെട്ട് 27-6-2003-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയും ഒരു ഉന്നതതല കോൺഫറൻസ് വിളിച്ചു ചേർക്കുകയും ആ കോൺഫറൻസിൽ നാല് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. എന്നാൽ നാളിതുവരെ ആ തീരുമാനങ്ങൾ സംബന്ധിച്ച് എന്തെങ്കിലും മേൽനടപടി സ്വീകരിച്ചതായി വ്യക്തമല്ല. മുമ്പ് കെ. എസ്. ഇ. ബി. എടുത്ത എഗ്രിമെന്റ് ആക്ടിവൈസ് ചെയ്തു കൊടുക്കുമെന്നായിരുന്നു ഒന്നാമതെടുത്ത തീരുമാനം. അതുപോലെതന്നെ, a decision regarding the price preference in the lowest price of electronic metre will be taken at the Government level, ഇത്തരത്തിൽ മൂന്നു നാല് എഗ്രിമെന്റ് ഉണ്ടാക്കി. ആ എഗ്രിമെന്റിനെ സംബന്ധിച്ചിടത്തോളം ഇതുവരെ യാതൊരു മേൽ നടപടികളും സ്വീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട ബാബു ദിവാകരനും ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടിയും വിളിച്ചുചേർത്ത് തയ്യാറാക്കിയ ആ എഗ്രിമെന്റിലെ തീരുമാനങ്ങൾ നടപ്പാക്കി മീറ്റർ കമ്പനിയെ രക്ഷിക്കുവാൻ അടിയന്തിരമായി തയ്യാറാകണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, പ്രധാനമായും ഇലക്ട്രിസിറ്റി ബോർഡ് ചെയ്യേണ്ട കാര്യങ്ങളാണ്. നമ്മുടെ കോൺഫറൻസിന്റെ തീരുമാനപ്രകാരം ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിലെ വിഷയങ്ങൾ ടേക് അപ് ചെയ്യുന്നുണ്ട്. അവരുടെ പോളിസി സംബന്ധിച്ച പ്രശ്നങ്ങളുണ്ട്. എന്നിരുന്നാലും അത് നമ്മൾ ഫോളോ അപ് ചെയ്തു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly